പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 2751 27.01.2014 -ൽ മറുപടിക്ക്.

അന്യസംസ്ഥാന തൊഴിലാളികൾ

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീമതി കെ. എസ്. സലീഖ | | ശ്രീ. ഷിബു ബേബി ജോൺ (തൊഴിലും പുനരധിവാസവും വകുപ്പു മന്ത്രി) |
| (എ) അന്യസംസ്ഥാന തൊഴിലാളികൾ സംസ്ഥാനത്ത് നിന്നും വേതനമായി ഒരു വർഷം എത്ര തുക കൈപ്പറ്റുന്നു എന്നാണ് തൊഴിൽ വകുപ്പ് നടത്തിയ പഠനത്തിൽ കണ്ടെത്തിയത്; വിശദാംശം ലഭ്യമാക്കാമോ; | (എ) | ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് & ടാക്സേഷൻ നടത്തിയ പഠനത്തിൽ ഒരു അന്യസംസ്ഥാന തൊഴിലാളി ഒരു വർഷം വേതനമായി മിനിമം 70,000/- രൂപ കൈപ്പറ്റുന്നു. |
| (ബി) നിലവിൽ സംസ്ഥാനത്ത് എത്ര അന്യസംസ്ഥാന തൊഴിലാളികൾ ജോലി ചെയ്യുന്നുവെന്ന് സംസ്ഥാനം തിരിച്ച് കണക്ക് വ്യക്തമാക്കാമോ; | (ബി) | ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് & ടാക്സേഷൻ നടത്തിയ പഠനത്തിൽ 25 ലക്ഷം പേർ കേരളത്തിൽ ജോലിയ്ക്കായി എത്തിയിട്ടുണ്ട് എന്ന് കണക്കാക്കുന്നു. കേരള കുടിയേറ്റ തൊഴിലാളി ക്ഷേമ പദ്ധതി പ്രകാരം 35062 അന്യസംസ്ഥാന തൊഴിലാളികൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. |

സംസ്ഥാനം തിരിച്ചുള്ള കണക്ക്

| | | |
|---|---|---|
| 1. | പശ്ചിമബംഗാൾ | 16466 |
| 2. | ബീഹാർ | 3095 |
| 3. | ജാർഖണ്ഡ് | 751 |
| 4. | ഒറീസ്സ | 5764 |
| 5. | ഉത്തരാഞ്ചൽ | 131 |
| 6. | ഡൽഹി | 25 |
| 7. | തമിഴ്നാട് | 1021 |
| 8. | മധ്യപ്രദേശ് | 269 |

| | | |
|---|---|---|
| 9. | കർണ്ണാടകം | 3090 |
| 10. | ഉത്തർപ്രദേശ് | 789 |
| 11. | അസം | 3276 |
| 12. | ആന്ധ്രപ്രദേശ് | 106 |
| 13. | രാജസ്ഥാൻ | 121 |
| 14. | ത്രിപുര | 5 |
| 15. | അരുണാചൽപ്രദേശ് | 42 |
| 16. | ഛത്തിസ്ഗഡ് | 10 |
| 17. | ഗുജറാത്ത് | 10 |
| 18. | മഹാരാഷ്ട്ര | 27 |
| 19. | ജമ്മു - കാശ്മീർ | 1 |
| 20. | ഹരിയാന | 4 |
| 21. | നാഗാലാൻറ് | 35 |
| 22. | മണിപ്പൂർ | 24 |

(സി) നാളിതുവരെ തൊഴിൽ വകുപ്പിൽ എത്ര അന്യ സംസ്ഥാന തൊഴിലാളികൾ പേര് രജിസ്റ്റർ ചെയ്തു; ആയതിൽ എത്ര പേർക്ക് തിരിച്ചറിയൽ കാർഡ് നൽകി; വ്യക്തമാക്കാമോ;

(സി) നാളിതുവരെ കേരള കുടിയേറ്റ തൊഴിലാളി ക്ഷേമപദ്ധതിയുടെ കീഴിൽ 35062 പേർ രജിസ്റ്റർ ചെയ്തിട്ടുണ്ട്. രജിസ്റ്റർ ചെയ്ത എല്ലാ തൊഴിലാളികൾക്കും തിരിച്ചറിയൽ കാർഡ് നൽകിയിട്ടുണ്ട്.

(ഡി) തിരിച്ചറിയൽ കാർഡ് ഇല്ലാത്ത തൊഴിലാളികളെ കൊണ്ട് പണി ചെയ്യിപ്പിക്കുന്ന ചെറുകിട- വൻകിട കോൺട്രാക്ടർമാർക്കെതിരെ എപ്രകാരമുള്ള ശിക്ഷാ നടപടിയാണ് സർക്കാർ സ്വീകരിച്ചുവരുന്നത്; ഇതിൽ എന്തൊക്കെ മാറ്റങ്ങൾ വരുത്താൻ ഉദ്ദേശിക്കുന്നു; വ്യക്തമാക്കാമോ;

(ഡി) അന്യസംസ്ഥാന തൊഴിലാളികൾക്ക് തിരിച്ചറിയൽ കാർഡ് നൽകുന്നതിനുള്ള വ്യവസ്ഥ 2010 - ലെ അന്യസംസ്ഥാന തൊഴിലാളി ക്ഷേമ പദ്ധതിയിൽ വ്യവസ്ഥ ചെയ്തിട്ടുണ്ടെങ്കിലും ആയത് നിർബന്ധ മാക്കുന്നതിന് വ്യവസ്ഥയില്ല. ആയതിന് നിയമവ്യവസ്ഥയില്ലാത്തതിനാൽ കോൺ ട്രാക്ടർമാർ - ക്കെതിരെ നടപടിയെടുക്കാൻ കഴിയുകയില്ല. എന്നാൽ ഇപ്പോൾ സർക്കാരിൻെറ പരിഗണനയിലുള്ള കേരള ഇൻറർസ്റ്റേറ്റ് മൈഗ്രൻറ് വർക്കേഴ്സ് സോഷ്യൽ സെക്യൂരിറ്റി ബില്ലിൽ അന്യസംസ്ഥാന തൊഴിലാളികളെക്കൊണ്ട് രജിസ്റ്റർ ചെയ്യിക്കേണ്ട ചുമതല ഉടമ/ കോൺട്രാക്ടർക്ക് നൽകിയിട്ടുണ്ട്. വീഴ്ച വരുത്തുന്ന ഉടമ/ കോൺട്രാക്ടർക്കെതിരെ പ്രോസിക്യൂഷൻ ഉൾപ്പെടെയുള്ള നിയമനനടപടികൾക്ക് വ്യവസ്ഥ ചെയ്തിട്ടുണ്ട്.

| | |
|---|---|
| (ഇ) കേരളത്തിൽ ജീവിക്കുന്ന എത്ര പേരിൽ ഒരാൾ അന്യസംസ്ഥാന തൊഴിലാളിയാണെന്ന് തൊഴിൽ വകുപ്പിന്റെ പഠനത്തിൽ തെളിഞ്ഞിട്ടുള്ളത്; | (ഇ) മൊത്തം ജനസംഖ്യ 3,33,87,000 അന്യസംസ്ഥാന തൊഴിലാളികൾ 25,00,000 |
| (എഫ്) ഓരോ വർഷവും ശരാശരി അന്യസംസ്ഥാന തൊഴിലാളികൾ എത്ര പേരാണ് ജോലിക്കായി കേരളത്തിൽ എത്തുന്നത്; അടുത്ത പത്ത് വർഷത്തിനുള്ളിൽ ഇവരുടെ ജനസംഖ്യ സംസ്ഥാന ജനസംഖ്യയുടെ എത്ര ശതമാനമാകുമെന്നാണ് തൊഴിൽ വകുപ്പ് കണ്ടെത്തിയിട്ടുള്ളത്; വ്യക്തമാക്കുമോ; | (എഫ്) ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് & ടാക്സേഷൻ നടത്തിയ പഠനത്തിൽ ഓരോ വർഷവും ഏകദേശം 235000 അന്യസംസ്ഥാന തൊഴിലാളികൾ പുതുതായി കേരളത്തിൽ തൊഴിലിനായി എത്തുന്നുവെന്ന് കണക്കാക്കിയിട്ടുണ്ട്. പത്തുവർഷത്തെ ജനസംഖ്യ കണക്ക് ലഭ്യമല്ല. |
| (ജി) ബംഗ്ലാദേശിൽ നിന്നും അനധികൃതമായി കുടിയേറുന്ന ഒട്ടേറെപ്പേർ കേരളത്തിൽ ജോലി ചെയ്യുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ; | (ജി) പരിശോധനയിൽ കണ്ടെത്തിയിട്ടില്ല. |
| (എച്ച്) മറുനാടൻ തൊഴിലാളികളെക്കുറിച്ച് പഠനം നടത്തിയ ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് എന്തൊക്കെ നിർദ്ദേശങ്ങളാണ് മുന്നോട്ട് വച്ചിട്ടുള്ളത്; ആയത് സംബന്ധിച്ച് തൊഴിൽ വകുപ്പ് എന്ത് നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നു; വിശദാംശം വ്യക്തമാക്കുമോ? | (എച്ച്) Recommendations<br>1. A voluntary registration of Domestic Migrant Labour based on which all benefits (Labour Health, Social Welfare , Police, Education and Local Self Governments) to the Migrant Worker will converge<br>2. Improving Housing and Living conditions (provision of water , electricity, sanitation , toilets, washrooms, ensuring a green environment etc)<br>3. Social Security and Health issues<br>4. Employment issues<br>5. Sustaining good relations between the Domestic Migrant Labour and Local population in Kerala<br>6. Help-line in different languages. |

രജിസ്ട്രേഷൻ, ക്ഷേമപദ്ധതി മുതലായ വിഷയങ്ങൾ ഉൾപ്പെടുത്തിക്കൊണ്ട് കേരള ഇൻറർസ്റ്റേറ്റ് മൈഗ്രൻറ് വർക്കേഴ്സ് സോഷ്യൽ സെക്യൂരിറ്റി ബിൽ സർക്കാരിൻെറ പരിഗണനയിലാണ്. അന്യസംസ്ഥാന തൊഴിലാളികൾക്കായി മെഡിക്കൽ ക്യാമ്പുകളും ബോധവത്ക്കരണ ക്യാമ്പുകളും സംഘടിപ്പിക്കുന്നു. ഷെൽട്ടർ നിർമ്മിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.

സെക്ഷൻ ആഫീസർ.